(ഐ) 1999-2000-ലെ ബോർഡിന്റെ താൽക്കാലിക വാർഷിക കണക്ക് അനുസരിച്ച് പ്രസ്തുത വർഷം പലിശയിനത്തിൽ ചെലവായ തുക 462.02 കോടി രൂപയാണ്.

വൈദ്യുതി ബോർഡിന് ലഭിക്കാനുള്ള കുടിശ്ശിക

107 (332) ശ്രീ. കെ. എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരും സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളും വൈദ്യുതി ബോർഡിന് നൽകാനുള്ള തുക കുടിശ്ശികയായതു മൂലം വൈദ്യുതി ബോർഡ് നേരിടുന്ന പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ ഇനങ്ങളിൽ എന്ത് തുകയാണ് ബോർഡിന് നൽകാനുള്ളതെന്ന് അറിയിക്കാമോ ;

(സി) വൈദ്യുതി ബോർഡിന്റെ ചെലവു ചുരുക്കലിന്റെ ഭാഗമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ ;

(ഡി) സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

(ഡി&ഇ) ഇപ്പോൾ പരിഗണനയിലില്ല.

വൈദ്യുതി ബോർഡിന്റെ ഓവർ ഡ്രാഫ്റ്റ്

108 (333) ശ്രീ. എം. മുരളി :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന വൈദ്യുതി ബോർഡ് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ഓവർഡ്രാഫ്റ്റ് എടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര പ്രാവശ്യം ഓവർഡ്രാഫ്റ്റ് എടുത്തിട്ടുണ്ട് ;

(സി) ഓവർഡ്രാഫ്റ്റ് എടുത്ത എന്തു തുക ഇപ്പോഴത്തെ നിലയനുസരിച്ച് മടക്കിയടയ്ക്കാനുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly